# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 22/11/13

## (18 MUHARRAM 1435 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

*(In Madagascar)*

സലാം പറഞ്ഞ ശേഷം, തശഹുദ്, തഅവ്വുദ്, സൂറ: അൽഫാത്തിഹ: ഓതിയ ശേഷം പറഞ്ഞു.

**"സത്യവിശ്വാസികൾ (പരസ്പരം) സഹോദരങ്ങൾ തന്നെയാണ്. അതിനാൽ നിങ്ങളുടെ രണ്ടു സഹോദരങ്ങൾക്കിടയിൽ നിങ്ങൾ രഞ്ജിപ്പുണ്ടാക്കുകയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുക. നിങ്ങൾ കരുണ ചെയ്യപ്പെടുന്നതിനുവേണ്ടി "**(49:11)

ഇവിടെ സമ്മേളിച്ചിരിക്കുന്ന

എന്റെ പ്രിയപ്പെട്ട സഹോദരന്മാരെ, സഹോദരിമാരെ, കുഞ്ഞുങ്ങളെ, അസ്സലാമു അലൈക്കും വ:റ: മഡഗാസ്ക്കറിലെ ജമാ അത്തു സഹീഹിൽ ഇസ്ലാമിലെ കുട്ടികളോടും, സഹോദരി സഹോദരന്മാരോടുമൊപ്പം 2013 നവംബർ 22 വെള്ളിയാഴ്ച ദിനത്തിൽ / ഹിജ്റ വർഷം 1435 മുഹർഹം 18 ന് ഒരുമിച്ചു കൂടാൻ കഴിഞ്ഞതിൽ ഞാൻ അതിയായി സന്തോഷിക്കുന്നു. ഇന്ന് നാം **'ടാന'** യിലെ **'അൽ അസീസ്'** പള്ളിയിൽ വെള്ളിയാഴ്ച പ്രാർത്ഥനയ്ക്കായി ഒരുമിച്ചുകൂടിയിരിക്കുകയാണ്. മഗ്രിബ് നമസ്ക്കാരാനാന്തരം എനിയ്ക്ക് മൗറിഷ്യസിലേക്ക് മടങ്ങി പോകേണ്ടതുമുണ്ട്.

നമ്മുടെ ശത്രുക്കൾ നടത്തിയ ഭയാനകമായ ഗൂഢാലോചനകളെല്ലാം ഉണ്ടായിരുന്നിട്ടും, അല്ലാഹുവിന്റെ അനുഗ്രഹത്താൽ അല്ലാഹു (ത) നമ്മോടൊപ്പമായിരുന്നു. നമ്മുടെ എല്ലാ പ്രവർത്തനങ്ങളിലും അല്ലാഹു നമ്മോടൊപ്പമുണ്ടായിരുന്നു; നമ്മുടെ എല്ലാ പ്രവർത്തനങ്ങളിലും അല്ലാഹു (ത) നമ്മോടൊപ്പമുണ്ടായിരുന്നു. നമ്മുടെ എല്ലാ യാത്രകളിലും അല്ലാഹു (ത) നമ്മോടൊപ്പമുണ്ടായിരുന്നു; അല്ലാഹു (ത) താൻ തെരഞ്ഞെടുത്ത ദാസനോടൊപ്പം എപ്പോഴും ഉണ്ടായിരുന്നു.

ഈ വെള്ളിയാഴ്ച ഖുത്തുബ വിവിധ ഭാഷകളിലേക്ക് പരിഭാഷപ്പെടുത്തുന്നതാണ്; മറ്റു ദ്വീപുകളിലും രാജ്യങ്ങളിലുമുള്ള സഹോദരീ സഹോദരന്മാർക്ക് വേണ്ടിയും, മൗറിഷ്യസിലെ സഹോദരീ സഹോദരന്മാർക്ക് ക്രയോൾ ഭാഷയിലേക്കും ഈ ഖുത്തുബ ഭാഷാന്തരം ചെയ്യുന്നതാണ്. ഇൻഷാ അല്ലാഹ്.

അല്ലാഹു ഏറ്റവും വലിയവനാണ്. അല്ലാഹു (ത) തന്റെ ദാസൻ എടുക്കുന്ന തീരുമാനങ്ങൾക്ക് മാർഗ്ഗദർശനം നല്കുന്നതാണ്. ചില സന്ദർഭങ്ങളിൽ ഒരു ദാസന് പ്രതീക്ഷിക്കുവാൻ കഴിയില്ല അല്ലാഹു എങ്ങനെയാണ് തന്റെ മതപരമായ പ്രവർത്തനങ്ങൾക്കുള്ള വഴി തുറക്കുന്നതെന്നും ധർമ്മ നിഷ്ഠയുള്ള പ്രഭാഷണങ്ങൾക്ക് രൂപം നല്കുന്നതെന്നും. ഇന്ന് ഞാൻ **'ആൻനാനാറിവേ'** യിൽ നിന്നുകൊണ്ട്, മൗറിഷ്യസിലും, അവിടത്തെ വിവിധ ഘടകങ്ങളിലും, കോമറോസിലും, മയോട്ടിയിലും സെചില്ലസിലും, മാൽദ്വീപുകളിലും, ഇൻഡ്യയിലും - കേരളം, ഡൽഹി, ബിഹാർ, അബ്ദുർ റഹ്മാൻ സാഹിബ് അവിടെ മഹത്തായ സേവനങ്ങൾ ചെയ്തു കൊണ്ടിരിക്കുന്നു. ഞാൻ അദ്ദേഹവുമായി കഴിഞ്ഞാഴ്ച പലപ്രാവശ്യവും ഫോണിൽ സംസാരിച്ചിരുന്നു. ടിനിഡാഡ്, ടുബാഗോ തുടങ്ങിയ രാജ്യങ്ങളിലുള്ള എല്ലാം സഹോദരീ സഹോദരന്മാർക്കും ഞാൻ സലാം പറയുന്നു. അസ്സലാമു അലൈക്കു വ റഹ്മത്തുല്ലാഹിവബർക്കാത്തുഹു.

കഴിഞ്ഞാഴ്ച ഇന്ത്യയിൽ നടന്ന; നമ്മുടെ സഹോദരൻ സാദിഖ് അലിയുടെ വിവാഹത്തെ സംബന്ധിച്ചും നിങ്ങളെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. വളരെ നല്ല നിലയിൽ, ആ വിവാഹം നടന്നു, ഞാണവർക്ക് ആശംസകൾ നേർന്നുകൊണ്ട് ഒരു സന്ദേശമയച്ചിരുന്നു; ഭാസുരമായ ഭാവിക്കുവേണ്ടിയുള്ള ഉപദേശങ്ങളും, ദുആയും അർപ്പിക്കുകയുണ്ടായി.

അല്ലാഹുവിനാണ് സർവ്വവസ്തുതിയും. അനുഗ്രഹ പേമാരി തന്നെ വർഷിക്കുകയുണ്ടായി. കഴിഞ്ഞ ബുധനാഴ്ച വൈകുന്നേരം ഈ ദൃഷ്ടാന്തത്തിന് നിങ്ങളോരോരുത്തരും സാക്ഷ്യം വഹിക്കുകയുണ്ടായി. പത്രങ്ങളും റേഡിയോയും ഈ വാർത്തയുമായി പുറത്തു വന്നു. എന്റെ പത്ര സമ്മേളനം പ്രൈവറ്റ് റേഡിയോയിലൂടെ നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാവും. മടഗാസ്ക്കറിലെ ജമാഅത്തുസ്സഹീഹിൽ ഇസ്‌ലാമിലെ സഹോദരീ സഹോദരന്മാർക്ക് ലഭിച്ച അല്ലാഹുവിന്റെ അനുഗ്രഹങ്ങളാണിവ. ഞാൻ ഇന്ന് നിങ്ങളോടൊപ്പം ഉണ്ടായിരിക്കുമ്പോൾ നിങ്ങൾ അതിയായി സന്തോഷിക്കുന്നു. അതുപോലെ മറ്റിതര രാജ്യങ്ങളിലുള്ള സഹോദരി സഹോദരന്മാർ ഞാൻ അവരോടൊപ്പം ഉണ്ടായിരിക്കുവാനും ഇത്തരത്തിലുള്ള അനുഗ്രഹങ്ങൾ അവർക്കും ലഭിക്കുന്നതിനും ആഗ്രഹിക്കുന്നുണ്ടാവും, ഇൻഷാ അല്ലാഹ്; എല്ലാ കാര്യങ്ങളും ചെയ്യുന്നത് അല്ലാഹുവിന്റെ നിർദ്ദേശ പ്രകാരമാണ് എന്നറിയുക. ഞാൻ വ്യക്തിപരമായി അല്ലാഹുവിന്റെ സന്ദേശം എത്തിക്കുന്നതിന്, വ്യാപിപ്പിക്കുന്നതിന്, നിങ്ങളെ സന്ദർശിക്കുന്നതിന്, യാത്രചെയ്തു കൊണ്ടിരിക്കുമ്പോൾ, അല്ലാഹു ഈ കാര്യങ്ങളെല്ലാം അറിഞ്ഞു കൊണ്ടിരിക്കുന്നു. എന്റെ എല്ലാ അനുയായികളുടെ അടുത്തേക്കും എനിക്ക് എത്തിച്ചേരാൻ പര്യാപ്തമായ രീതിയിൽ അല്ലാഹുവഴികൾ എളുപ്പമാക്കുന്നതാണ്. അപ്പോൾ അവർക്കും നിങ്ങൾക്കു ലഭിച്ചതുപോലുള്ള അനുഗ്രഹങ്ങൾ ലഭിക്കുന്നതാണ്. ഇൻഷാ അല്ലാഹ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള നമ്മുടെ സഹോദരങ്ങൾ ഈ വിനീതന്റെ സാന്നിദ്ധ്യം നിങ്ങൾക്കുണ്ടായതു പോലെ, അവർക്കും ഉണ്ടാകുവാൻ ആഗ്രഹിക്കുന്നു. ഒരു വർഷത്തിൽ മടഗാസ്ക്കറിലെ നിങ്ങൾക്ക് രണ്ടു പ്രാവശ്യം ഈ അനുഗ്രഹം ലഭിക്കുകയുണ്ടായി. നിങ്ങളെ നിന്ദ്യന്മാരായി കണക്കാക്കി; അവജ്ഞയോടെ നോക്കിയവരെ അവഗണിച്ചതുമൂലമാണ് നിങ്ങൾക്കീ അനുഗ്രഹങ്ങൾ ലഭ്യമായത്. ഹൃദയങ്ങളിലുള്ളത് അറിയുന്നവൻ അല്ലാഹു മാത്രമാണ്; അല്ലാഹു താനുദ്ദേശിക്കുന്നവർക്ക്, തന്റെ അനുഗ്രഹങ്ങൾ നല്കുന്നു. മനുഷ്യനല്ല തീരുമാനിക്കുന്നത്, സ്രഷ്ടാവായ അല്ലാഹുവാണ് അന്ത്യമമായി വിധിക്കുന്നത്. ഇന്ന് നിങ്ങൾക്ക് ഈ അനുഗ്രഹം ലഭ്യമാകുവാൻ നിങ്ങൾ എന്ത് നന്മയാണ് ചെയ്തത്; എന്ത് ത്യാഗമാണ് ചെയ്തത്? അല്ലാഹുവിനാണ് സർവ്വ സ്തുതിയും വീണ്ടും ഞാൻ അല്ലാഹുവിനെ സ്തുതിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹം തുടർന്നു കൊണ്ടിരിക്കുവാനായി ഞാൻ ദു ആ ചെയ്യുന്നു; നിങ്ങളുടെ വിശ്വാസത്തെ അല്ലാഹു നിങ്ങൾക്ക് ശക്തിപ്പെടുത്തിത്തരുമാറാകട്ടെ, മലഗാസിയിലും, അറബിക്കിലും, ഫ്രൻചിലും എന്റെ പ്രഭാഷണം പരിഭാഷപ്പെടുത്തുന്ന എന്റെ സഹോദരൻ സൈദ് അഹ്മദിന് ഞാൻ നന്ദിരേഖപ്പെടുത്തുന്നു.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ശത്രുക്കളുടെ ശക്തമായ ഗൂഢാലോചനകൾ തുടർന്നു കൊണ്ടിരുന്നാലും, ജമാ അത്തുസ്സഹീഹിൽ ഇസ്‌ലാം അതിന്റെ പുരോഗതിയിലേക്ക് കുതിക്കുകയാണ്.

ഇസ്‌ലാമിന്റെ സാഹോദര്യത്തെക്കുറിച്ച് വിശുദ്ധഖുർ ആൻ നല്കുന്ന പാഠത്തിലേക്ക് ഞാൻ തിരിച്ചു വരുകയാണ്.

അല്ലാഹു (ത) പറയുന്നു. **"സത്യവിശ്വാസികൾ (പരസ്പരം) സഹോദരങ്ങൾ തന്നെയാണ്. അതിനാൽ നിങ്ങളുടെ രണ്ടു സഹോദരങ്ങൾക്കിടയിൽ നിങ്ങൾ രഞ്ജിപ്പുണ്ടാക്കുകയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുക. നിങ്ങൾക്ക് കരുണചെയ്യപ്പെടുന്നതിനുവേണ്ടി"** (49:11).

ഞാൻ പാരായണം ചെയ്ത ഈ വിശുദ്ധ വചനത്തിന്റെ അടിസ്ഥാനത്തിൽ ഇസ്‌ലാമിലെ സാഹോദര്യത്തെക്കുറിച്ച് വെളിച്ചം വീശുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. മുഹമ്മദ് മുസ്തഫ(സ) യുടെ മദീനയിലെ വരവോടെ, തന്റെ അന്തർജ്ഞാനത്തിന്റെ ആഴങ്ങളിൽ നിന്ന്, സാഹോദര്യത്തിന്റെ പൊൻമുത്തുകൾ വാരി വിതറപ്പെടുകയുണ്ടായി. അങ്ങനെ മുഹാജിരിങ്ങളും (മക്കക്കാർ) അൻസാറുകളും (മദീനക്കാർ) ഒന്നായിതീർന്ന കാഴ്ച, കോരിത്തരിപ്പോടെ മാത്രമെ ചരിത്രാപഠിതാക്കൾക്ക് വായിച്ചു തീർക്കുവാൻ സാധിക്കുകയുള്ളൂ. മുഹാജിരീങ്ങൾ തങ്ങളുടെ ഭവനങ്ങളും, കുടുംബവും, ധനവും എല്ലാം എല്ലാം ഉപേക്ഷിച്ച് ഇസ്‌ലാമിന്റെ സംസ്ഥാപനാർത്ഥം ഹിജ്റ ചെയ്തു മദീനയിലെത്തുകയാണുണ്ടായത്. തികഞ്ഞ സന്തോഷത്തോടെ തിരിച്ചൊന്നും പ്രതീക്ഷിക്കാതെ അങ്ങേ അറ്റത്തെ സ്നേഹാദരവോടെ മുഹാജിരീങ്ങൾക്ക് സുരക്ഷിത അഭയം നല്കിയ അൻസാറുകൾ, ത്യാഗത്തിന്റെ മകുടോദാഹരണങ്ങളായി ചരിത്രം സൃഷ്ടിക്കുകയുണ്ടായി. മദീനയിലെ ഓരോ മുസ്‌ലിമും മക്കയിലെ ഓരോ മുസ്‌ലിമുമായി സഹോദര്യ കരാർ ഉണ്ടാക്കി.

അല്ലാഹുവിനോടുള്ള സ്നേഹത്താൽ ഈ ഹൃദയങ്ങളെല്ലാം ഒന്നായിതീർന്നു. വിവിധ നെഞ്ചുകളിൽ തുടിക്കുന്നുവെങ്കിലും ഒരു നെഞ്ചിൽ തുടിക്കുന്നതുപോലെയായി. ഓരോ അൻസാർ സഹോദരങ്ങളും നറുക്കെടുപ്പിലൂടെ ലഭിച്ച മുഹാജിർ സഹോദരന അഭിമാനത്തോടെ തങ്ങളുടെ വീടുകളിലേക്ക് കൂട്ടിക്കൊണ്ടു പോയി. അബൂമൂസ (റ) റിപ്പോർട്ട് ചെയ്യുന്നു. മുഹമ്മദ് (സ.അ.) പറഞ്ഞു.

**"ഒരു കെട്ടിടത്തിന്റെ ഭിത്തിയിൽ കെട്ടിയിരിക്കുന്ന കല്ലുകൾ പോലയാണ് വിശ്വാസികൾ തമ്മിലുളള ബന്ധം. ഒന്നു മറ്റൊന്നിനെ ശക്തിപ്പെടുത്തുന്നു. ഇതിനെ വിശദീകരിച്ചുകൊണ്ട് പ്രവാചകൻ തങ്ങളുടെ കൈവിരലുകൾ പരസ്പരം കോർത്ത് ശക്തമാകുന്നത് കാണിക്കുകയുണ്ടായി." (ബുഖാരി)**

ഓരോ സഹോദരനും തന്റെ സ്വന്തം നഫ്സുകളെക്കാൾ തനിക്ക് ലഭിച്ച സഹോദരനെ സ്നേഹിച്ചു. താൻ മരണപ്പെട്ടാൽ തന്റെ സ്വത്തിന്റെ അവകാശിയായി തന്റെ സ്വന്തം സഹോദരങ്ങൾക്കു പകരം തന്റെ വിശ്വാസിയായ സഹോദരനു നല്കുകയുണ്ടായി. (ഈ നിയമം പിന്നീട് റദ്ദു ചെയ്യുകയുണ്ടായി). ചില അൻസാർ സഹോദരന്മാർ തങ്ങളുടെ സുന്ദരിയായ ഭാര്യമാരെ തലാഖ് ചെയ്ത് തങ്ങളുടെ മുഹാജിർ സഹോദരന് വിവാഹം കഴിക്കുവാനുള്ള അവസരമൊരുക്കുകയുണ്ടായി.

**"തീർച്ചയായും, വിശ്വസിക്കുകയും സ്വദേശം വെടിയുകയും തങ്ങളുടെ ധനവും ജീവനും കൊണ്ട് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ അത്യധ്വാനം ചെയ്യുകയും (അഭയാർത്ഥികൾക്ക്) അഭയം നല്കുകയും അവരെ സഹായിക്കുകയും ചെയ്തവരാരോ, അക്കൂട്ടർ പരസ്പരം മിത്രങ്ങളാകുന്നു." 8:73**

ഇസ്ലാമിന്റെ വളർച്ചയ്ക്കും പുരോഗതിയ്ക്കുമുള്ള ഒരു പുതുയുഗം ആരംഭിക്കുകയായിരുന്നു. അചഞ്ചലമായ വിശ്വാസത്താൽ പടുത്തുയർത്തിയ ഈ സഹോദര്യ ബന്ധം, ഒരു നവയുഗ സമൂഹ സൃഷ്ടിക്ക് അടിത്തറപാകി. ഈ സാഹോദര്യത്തിന്റെ അടിത്തറ മാനവ നിറത്തിലോ, കുടുംബ ബന്ധത്തിലോ, സാംസാര ഭാഷയിലോ, രക്തബന്ധത്തിലോ ആയിരുന്നില്ല, മറിച്ച് ഇതിന്റെ അടിത്തറ സംശുദ്ധവും നിഷ്ക്കളങ്കവും അർഹമായതുമായ വിശ്വാസത്തിലധിഷ്ഠിതമായിരുന്നു.

**"സത്യവിശ്വാസികൾ പരസ്പരം സഹോദരങ്ങൾ തന്നെയാകുന്നു. അതിനാൽ നിങ്ങളുടെ രണ്ടു സഹോദരങ്ങൾക്കിടയിൽ നിങ്ങൾ രഞ്ജിപ്പുണ്ടാക്കുകയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുക. നിങ്ങൾക്ക് കരുണചെയ്യപ്പെടുന്നതിനു വേണ്ടി." (49:11)**

ഈ വചനത്തിലൂടെ അല്ലാഹു (ത) കല്പിച്ചിരിക്കുന്നത് - സത്യവിശ്വാസികൾ കരുണാർദ്രരരായിരിക്കണമെന്നും തങ്ങളുടെ സഹോദരന്റെ മോക്ഷത്തിനായുള്ള കാര്യങ്ങൾ ചെയ്യണമെന്നുമാണ്. നുഅ്മാനുബ്നബശീർ(റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു. റസൂൽ (സ.സ) പറഞ്ഞു. **മുസ്ലീംകൾ ഒരു ശരീരം പോലെയാകുന്നു. കണ്ണു വേദനിച്ചാൽ ശരീരം മുഴുവൻ വേദനിക്കുന്നു; തലവേദനിച്ചാൽ ശരീരം മുഴുവൻ വേദനിക്കുന്നു. (മുസ്ലിം).**

ഈ പ്രവാചക വചനത്തെ അന്വർത്ഥമാക്കുന്ന ഒരു സംഭവം ഞാൻ നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുകയാണ്.

യർമൂക്ക് യദ്ധ മൈദാനിയിൽ ഇസ്ലാമിന്റെ ഒരു പടയാളി മുറിവേററു കിടക്കുന്നു; തന്റെ അടുത്തുകൂടി വെള്ളവുമായി കടന്നുപോകുന്ന ഒരു സഹോദരനെ കണ്ടപ്പോൾ വെള്ളം ചോദിക്കുന്നുണ്ട്. അദ്ദേഹത്തിനു വെള്ളം കൊടുക്കുവാൻ ഒരുങ്ങിയപ്പോൾ, അതാ തൊട്ടടുത്ത് മറ്റൊരാൾ വെള്ളത്തിനായി അപേക്ഷിക്കുന്നു. മുറിവേറ്റുകിടക്കുന്ന സഹോദരൻ പറഞ്ഞു. വെള്ളം ചോദിക്കുന്ന സഹോദരന് വെള്ളം കൊടുക്കുക. കാരണം അദ്ദേഹം എന്നേക്കാൾ വെള്ളത്തിനു ആവശ്യമുള്ള ആളായിരിക്കും. വെള്ളം കൊണ്ടുവന്ന ആൾ രണ്ടാമന്റെ അടുക്കലേക്ക് വെള്ളവുമായി പോയി. അദ്ദേഹത്തിന് വെള്ളം കൊടുക്കാനൊരുങ്ങുമ്പോൾ അതാ മറ്റൊരു സഹോദരൻ വെള്ളം ചോദിക്കുന്നു. രണ്ടാമൻ പറഞ്ഞു. എന്നെക്കാൾ ആവശ്യക്കാരനായ ആ സഹോദരന് വെള്ളം കൊടുക്കുക. അങ്ങനെ അദ്ദേഹം മൂന്നാമന്റെ അടുക്കലെത്തിയപ്പോഴേക്കും അദ്ദേഹം മരിച്ചു കഴിഞ്ഞിരുന്നു. രണ്ടാമന്റെ അടുക്കലെത്തിയപ്പോൾ അദ്ദേഹവും മരിച്ചു കഴിഞ്ഞിരുന്നു. ഒന്നാമന്റെ അടുക്കലെത്തിയപ്പോൾ ഒന്നാമനും മരിച്ചു കഴിഞ്ഞിരുന്നു.

ഈ സംഭവം നമുക്ക് നല്കുന്ന പാഠം; ( ഈ സുഹൃത്തുക്കളുടെ) സ്നേഹം, സൗഹൃദം, സാഹോദര്യം അവരുടെ ഹൃദയങ്ങളിൽ എത്രത്തോളം ആഴത്തിൽ വേരൂന്നിയിരുന്നു എന്നുള്ളതാണ് കാരണം ഈ സാഹോദര്യത്തിനു വേണ്ടി തങ്ങളുടെ ജീവനെത്തന്നെ ത്യാഗം ചെയ്യാമെന്ന് സമ്മതിച്ചിരുന്നവരാണവർ

പരിപൂർണ്ണ ഈമാന്റെ അടയാളമായി ഇസ്ലാമിലെ ഈ സാഹോദര്യത്തെ പ്രവാചക പ്രഭുവായമുഹമ്മദ് മുസ്തഫ (സ.അ) കണക്കാക്കിയിരുന്നു. പരിപൂർണ്ണ ഈമാന് ഇത് ഒഴിച്ചു കൂടാൻ പാടില്ലാത്ത കാര്യമായും കരുതിയിരുന്നു അദ്ദേഹം പറഞ്ഞു. **"വിശ്വാസിയായ സഹോദരനോട് ഈ നിഷ്ക്കളങ്കമായ സ്നേഹം കാത്തു സൂക്ഷിക്കാത്തടത്തോളം അവന്റെ ഈമാൻ പൂർത്തി ആകുന്നതല്ല."** നിങ്ങൾ വിശ്വാസികളാകുന്നതു വരെ നിങ്ങൾ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല. നിങ്ങൾ പരസ്പരം സ്നേഹിക്കാത്തടത്തോളം കാലം നിങ്ങൾ വിശ്വാസികളാകുകയില്ല (ബുഖാരി മുസ്ലിം)

മറ്റൊരു പ്രവാചകവചനത്തിൽ പറയുന്നു. **ഒരു യഥാർത്ഥ മുസ്ലിം തന്റെ നാവുകൊണ്ടോ കൈകൾ കൊണ്ടോ തന്റെ മുസ്ലിം സഹോദരന് യാതൊരു ബുദ്ധിമുട്ടും വരുത്തുകയില്ല (ബുഖാരി)**

ഒരു മുസ്ലിം തന്റെ സഹോദരന് നന്മചെയ്യേണ്ടസമയമിതല്ലേ? അവനെ കഴിയുന്നടത്തോളം സഹായിക്കണ്ട സമയമിതല്ലോ? പരസ്പരം സാഹോദര്യം ഉറപ്പിക്കേണ്ട സമയമിതല്ലേ?

**"തന്റെ അയൽവാസി വിശന്നുകിടക്കുമ്പോൾ വയറുനിറച്ചു ഭക്ഷണം കഴിക്കുന്നവർ യഥാർത്ഥ മുസ്ലിംമല്ല – ബൈഹഖീ "**

അനന്തമായ കരുണയുടെ ഉറവിടമായ അല്ലാഹു, ഒരു മാതാവ് തന്റെ കുഞ്ഞുങ്ങളെ സ്നേഹിക്കുന്നതിലുപരി തന്റെ സൃഷ്ടികളെ സ്നേഹിക്കുന്നു. താൻ പ്രകടിപ്പിക്കുന്ന അനുകമ്പയുടെ ഒരു ചെറിയ അളവിലൂടെ (1%) വന്യ ജീവികൾ പോലും തങ്ങളുടെ കുഞ്ഞുങ്ങളോട് സ്നേഹത്തോടെ വർത്തിക്കുന്നു. നന്മയും, അനുകമ്പയും, അനുഗ്രഹവും, മഹത്വവും, കൊണ്ട് സമ്പൂർണ്ണനായവനായാലും, തന്റെ ഹൃദയത്തിൽ നീരസവും, വെറുപ്പും പരിപോഷിപ്പിക്കുന്നവനോട് അല്ലാഹു പൊറുക്കുകയില്ല. അല്ലാഹുവിന്റെ തൃപ്തിക്കായി ഒരുവൻ തന്റെ സഹോദരനെ സ്നേഹിക്കുക എന്നതു വളരെ നല്ല പ്രവർത്തിയാണ്, അല്ലാഹു അതിനെ വിലമതിക്കുകയും ചെയ്യുന്നു. അവന്റെ മേൽ അല്ലാഹുവിന്റെ അനുഗ്രഹവും സംരക്ഷണവും ഈ ലോകത്തും പരലോകത്തും ഉറപ്പിക്കാവുന്നതാണ്.

പുനരുത്ഥാന നാളിൽ അല്ലാഹുവിന്റെ തണലല്ലാതെ മറ്റൊരു തണലുമില്ലാത്ത ദിനത്തിൽ ഏഴുവിഭാഗം ആളുകളെ അല്ലാഹുവിന്റെ തണലിൽ സംരക്ഷിക്കുന്നതാണ്. അതിൽ ഒരു വിഭാഗം **"രണ്ടാളുകൾ അല്ലാഹുവിന്റെ തൃപ്തിക്കായി (അവർ) പരസ്പരം സ്നേഹിച്ചു അല്ലാഹുവിന്റെ തൃപ്തിക്കായി അവർ ഒത്തുചേർന്നു, അല്ലാഹുവിന്റെ തൃപ്തിക്കായി അവർ പരസ്പരം വേർപിരിഞ്ഞു."(ബുഖാരി)**

ഇത്തരത്തിലുള്ള നിഷ്ക്കളങ്ക സൗഹൃദത്തിന്റെ അഭാവം മൂലം അവിടെ ശത്രുതയും നീരസവും ഉണ്ടായിതീരുന്നു. ഈ, രണ്ടുപേരെ നമ്മുടെ ഈമാനെയും നല്ല പ്രവർത്തിയേയും നശിപ്പിക്കുന്നവരായി കണക്കാക്കപ്പെടേണ്ടതാണ്. അബൂഹുറയ്റ (റ) റിപ്പോർട്ട് ചെയ്യുന്നു. **തിരുദൂതർ (സ.അ) പറഞ്ഞു. എല്ലാതിങ്കളാഴ്ചയും വ്യാഴാഴ്ചയും അല്ലാഹുവിന്റെ തിരുമുമ്പിൽ എല്ലാവരുടെയും പ്രവർത്തനങ്ങൾ പ്രദർശിപ്പിക്കപ്പെടുന്നു. മുഷ്രിക്കീങ്ങളുടെയും (ബഹുദൈവ വിശ്വാസികൾ) രഞ്ജിപ്പിലെത്താതെ ശത്രുതയിൽ കഴിയുന്ന രണ്ട് സഹോദരന്മാരുടെയും ഒഴികെയുള്ള എല്ലാവർക്കും അല്ലാഹു മാപ്പ് കൊടുക്കുന്നു. (മുസ്ലിം)**

പ്രവാചക പ്രഭു മുഹമ്മദ്(സ) നമ്മോട് തറപ്പിച്ചു പറഞ്ഞിരിക്കുന്നത്. **"ശത്രുതയുടെയും വിദ്വേഷത്തിന്റെയും കെട്ട് സാത്താൻ കെട്ടിമുറുക്കന്നതിനുമുമ്പ്, അവൻ മേൽക്കോയ്മ നേടുന്നതിനുമുമ്പ്, നിങ്ങൾ എത്രയും വേഗം അനുരഞ്ജനത്തിലെത്തിക്കൊള്ളണം എന്നാകുന്നു".**

**<u>ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെ ഇതര മുസ്ലീം വിഭാഗങ്ങളോടുള്ള കാഴ്ചപ്പാട്</u>**

ഞങ്ങൾ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ അംഗങ്ങൾ ഇസലാമിലെ എല്ലാ സഹോദരീ സഹോദരന്മാരുമായി നിങ്ങളുടെ വിശ്വാസവും, അഭിപ്രായവ്യത്യാസങ്ങളും എന്തുതന്നെ ആയാലും, ഞങ്ങൾ നിങ്ങളുടെ ശത്രുക്കളല്ല. ഏകനായ അല്ലാഹുവിൽ വിശ്വസിക്കുന്ന അതേ സമുദായത്തിലെ സഹോദരന്മാരാണ്. പ്രവാ

ചകശ്രേഷ്ഠനായ മുഹമ്മദ് മുസ്തഫാ (സ) യിൽ വിശ്വസിക്കുന്നവരാകുന്നു. നമ്മെ പ്രകാശപൂരിതമാക്കുന്ന വിശുദ്ധ ഖുർആനിൽ വിശ്വസിക്കുന്നവരാകുന്നു. നമുക്ക് ഒറ്റ സമുദായമായി ഒന്നിക്കാം അല്ലാഹുവിന്റെ തൃപ്തിക്കായും മുഹമ്മദ് (സ) യുടെ അനുയായികളായും നമുക്കു ഒത്തുചേരാം അല്ലാഹുവിന്റെ ക്രോധ ത്തിൽ നിന്നും രക്ഷനേടാനുള്ള വഴിയാണിത്. നമുക്കൊരുമിച്ച് അല്ലാഹുവിന്റെ ഏകത്വത്തെ വാഴ്ത്താം. ഇൻഷാ അല്ലാഹ്

മുഹമ്മദ് മുസ്തഫ(സ) പറഞ്ഞു. **"മൂന്നു ദിനത്തിൽ കൂടുതൽ ഒരു മുസ്ലിം തന്റെ സഹോദരനെ കൈവെ ടിയുവാൻ പാടില്ല, ആരെങ്കിലും അപ്രകാരം ചെയ്താൽ, അതിനെ തുടർന്ന് അവൻ മരണപ്പെട്ടാൽ, അവൻ നര കത്തിൽ പ്രവേശിക്കുന്നതാണ്." (അബൂ ദാവൂദ്)**

ആയതിനാൽ എന്റെ സഹോദരന്മാരെ, സഹോദരിമ്മാരെ, ഈ നൂറ്റാണ്ടിലെ അല്ലാഹുവിന്റെ ഖലീഫ എന്നനിലയിൽ ഞാൻ മാപ്പുചെയ്യാൻ തയ്യാറാണ്. മാപ്പുചെയ്യുവാൻ ഞാൻ ദൈവമല്ല, സത്യത്തിൽ എല്ലാവർക്കും മാപ്പു ചെയ്യുന്നവൻ അല്ലാഹു മാത്രമാകുന്നു, എന്നാൽ ഒരു മനുഷ്യൻ എന്ന നിലയിൽ മുസ്ലിംകളിലെ വിവിധ വിഭാഗങ്ങളിലുള്ള സഹോദരങ്ങളുമായി അനുരഞ്ജനത്തിനും മാപ്പിനും ഞാൻ തയ്യാറാകുന്നു. നമ്മുടെ ഭിന്നതകൾ നമുക്ക് മറക്കാം നമ്മളെല്ലാപേരും ഏകനായ അല്ലാഹുവിന്റെ കൊടിക്കീഴിലാണ്. നമ്മളെല്ലാപേരും ലാഇലാഹ ഇല്ലല്ലാഹു മുഹമ്മദുർറസൂലുല്ലാഹ് എന്ന ബാനറിൻ കീഴിലാണ്. നമ്മളെല്ലാപേരും വിശുദ്ധഖുർ ആൻ പാരായണം ചെയ്യുന്നു. പിന്നെന്തെ നമ്മൾ പരസ്പരം പോരാടുന്നു? പിന്നെന്താണ് ഈ ഭിന്നതകൾ? പിന്നെന്താണ് പരസ്പരം വഴക്കും നമ്മുടെ സഹോദരങ്ങളുടെ രക്തം ചീന്തുന്നതും; ആയതിനാൽ ഞാൻ ഈ നൂറ്റാണ്ടിലെ അല്ലാഹുവിന്റെ ഖലീഫ എന്ന നിലയിൽ, മഹത്തായ യുദ്ധത്തിൽ, പ്രാർത്ഥനാ സമര ത്തിൽ (മുബാഹല) ഏർപ്പെട്ടിരിക്കുന്ന എന്റെ സഹോദരൻ അബ്ദുൽ ഗഫ്ഫാർ ജൻബാഹ് സാഹിബുമായും ലാഹോരി പാർട്ടിയിലുള്ള സഹോദരന്മാരുമായും മാപ്പിനും അനുരഞ്ജനത്തിനും തയ്യാറാണ്. ഒരു വ്യവസ്ഥ അംഗീകരിച്ചാൽ. അതായത് ഹസ്രത് മുസ്ലീഹ് മൗഊദ് (റ) ന് എതിരിൽ സത്യമല്ലാത്ത കാര്യങ്ങൾ പറയുന്നതിൽ നിന്നും എഴുതുന്നതിൽനിന്നും പിന്മാറിയാൽ. ഈ വ്യവസ്ഥ മറ്റു മുസ്ലീം കക്ഷികൾക്കും ബാധകമാണ്. ഞങ്ങൾ അനുരഞ്ജനത്തിനു തയ്യാറാണ്, എന്നാൽ സത്യമല്ലാത്ത ജല്പനങ്ങൾ ഹസ്രത് മസീഹ് മൗഊദ് (അ) ന് എതിരിൽ പറയരുത്; അതുപോലെ മസീഹ് മൗഊദ് (അ) നെ അംഗീകരിക്കുകയും വിശ്വസിക്കുകയും ചെയ്ത സഹോദരി സഹോദരന്മാരെ മുസ്ലീംകൾ അല്ലാ എന്നുപറയരുത്. ഇതൊക്കെ നമുക്ക് ഒരുമിച്ച് മറക്കാം. എന്നിട്ട് അനുരഞ്ജനത്തിലൂടെ നമുക്കെല്ലാപേർക്കും ഒരുമിച്ചു നില്ക്കാം. ഈ പറഞ്ഞ വ്യവസ്ഥ നിങ്ങൾ അംഗീകരിച്ചാൽ നിങ്ങളുമായി അനുരഞ്ജനത്തിനു തയ്യാറാണ്. നമ്മുടെ ഭിന്നതകൾ മറക്കാം , നമു ക്കൊരുമിക്കാം. ജമാഅത്ത് അഹ്മദിച്ച ഇന്റർനാഷാണലുമായും ഈ യോജിപ്പിനു തയ്യാറാണ്, അതെ, ഞാൻ അനുരഞ്ജനത്തിനു തയ്യാറാണ്, എന്നാൽ ജമാ അത്ത് അഹ്മദിയ്യാ ഇന്റർനാഷണലും ചിലവ്യലസ്ഥകൾ അംഗീ കരിക്കേണ്ടതുണ്ട്. ഒരുവാക്ക്. **എന്നാൽ** എന്താണ് ഈ **എന്നാൽ**, അതായത് അല്ലാഹു എന്നെ ഈ നൂറ്റാ ണ്ടിലെ ഖലീഫത്തുല്ലായും, മുഹ്യിദ്ദീനുമായും തെരഞ്ഞെടുത്തിരിക്കുന്നു എന്നത് അവർ അംഗീകരിക്കണം അല്ലാഹു ഞാനുമായി സംഭാഷണം ചെയ്തു കൊണ്ടിരിക്കുന്നു. അവൻ എന്നോടൊപ്പമുണ്ട്. ദൈവീക ദൃഷ്ടാന്തം തുടർന്നു നില്ക്കുന്നതാണ്, ദൈവീക വെളിപാടുകളും തുടരുന്നതാണ്.

ഈ വാക്കുകളിൽ എന്റെ സഹോദരങ്ങൾ വിശ്വസിക്കുന്നുവെങ്കിൽ, നമുക്കിടയിൽ ഭിന്നതകൾ ഉണ്ടെ ങ്കിൽപോലും, ഇതിനെ അവർ ആദരിക്കുന്നുവെങ്കിൽ അവർ ഇതിനെ വിമർശിക്കുന്നില്ലെങ്കിൽ, മോശമായ വാക്കുകൾ പറയുന്നില്ലെങ്കിൽ ഈ ദൈവീക ദൃഷ്ടാന്തത്തെ അവഹേളിക്കുന്നില്ലെങ്കിൽ- അവർ ഇതിനെ അവഹേളിക്കുമ്പോൾ, അവർ നിശ്ചയമായും എന്നെ അല്ല അവഹേളിക്കുന്നത്, മറിച്ച് അല്ലാഹുവിന്റെ ദൃഷ്ടാ ന്തങ്ങളും അടയാളങ്ങളും അവന്റെ വചനങ്ങളെയുമാണ് അവഗണിക്കുന്നത്, അവഹേളിക്കുന്നത്.

അതുകൊണ്ടാണ് മടഗാസ്ക്കറിലെ എന്റെ സഹോദരങ്ങളോട് ഞാൻ പറഞ്ഞത് ഇത് ഫ്രഞ്ചിൽ മാത്രമല്ല ക്രയോൾ ഭാഷയിലും മറ്റിതരഭാഷകളിലും വിവർത്തനം ചെയ്ത എല്ലാവരിലും ഈ സന്ദേശം എത്തിക്കുന്ന താണ്. ഇൻഷാ അല്ലാഹ്.

അതിനാൽ ഞാൻ തയ്യാറാണ്. കാരണം ഞാൻ വാഗ്ദത്ത മസീഹ്(അ) ന്റെ ജമാഅത്തിലാണ്, ഞാൻ എന്റെ ജമാഅത്തിനുവേണ്ടി പണിഎടുത്തിട്ടുണ്ട്, ഹസ്രത് മസീഹ് മൗഊദ് (അ) ന്റെ ജമാ അത്തിനുവേണ്ടി, ജമാഅത്ത് അഹ്മദിയ്യായ്ക്കുവേണ്ടി. ജമാഅത്ത് അഹ്മദിയ്യ ഇന്റർനാഷണലുമായി അനുരഞ്ജനത്തിനു ഞാൻ തയ്യാറാണ്. ഖലീഫത്തുൽ മസീഹ് V-ാമൻ ഹസ്രറത്ത് മിർസാ മസ്റൂർ അഹ്മദുമായി സ്നേഹ സംഭാഷണത്തിനും തയ്യാറാണ്, അതുപോലെ ഈ ദൈവീക ദൃഷ്ടാന്തവുമായി വേർപിരിഞ്ഞുപോയ സഹോദരീ സഹോദരന്മാരുമായി, അവർക്ക് അവർക്ക് എന്നിലുള്ള വിശ്വാസം വളരെ ദുർബലമായിരുന്നു, ആയതിനാൽ എന്നിലുള്ള വിശ്വാസം സീറോ ആണ് എന്ന് പറയാതിരുന്നാൽ മതി. ഞാൻ റഡിയാണ്.

അല്ലാഹുവിലുള്ള ഭയം (താഖ്‌വ) നേടുവാനുള്ള വഴികളിൽപെട്ടതാണ് സലാം പറയുക എന്നത് അത് സാഹോദര്യത്തെ ബലപ്പെടുത്തുന്നതാണ് അബൂഹുറയ്റ (റ) റിപ്പോർട്ട് ചെയ്തു. അല്ലാഹുവിന്റെ റസൂൽ (സ) പറഞ്ഞു. **“നിങ്ങൾ വിശ്വാസികളാവുകയും പരസ്പരം സ്നേഹിക്കുകയും ചെയ്യാത്തടത്തോളം നിങ്ങൾ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല അതിനുള്ള ഒരു വഴി നിങ്ങൾക്ക് പഠിപ്പിച്ചുതരട്ടെയോ? അത് ചെയ്താൽ നിങ്ങൾ പരസ്പരം സ്നേഹമുള്ളവരായിതീരും നിങ്ങൾക്കിടയിൽ സലാം പറയുക എന്നതാണ് വഴി” (ബുഖാരി)**

അനുരഞ്ജനത്തിന്റെ വാതിൽ തുറക്കുവാനുള്ള ഒറ്റമൂലിയാണ് അസ്സലാമു അലൈക്കും അത് സാഹോദര്യബന്ധം ശക്തിപ്പെടുത്തുന്നു. അതുപോലെ അത് ശത്രുതയുടെയും വെറുപ്പിന്റെയും നീരസത്തിന്റെയും വാതിൽ അടയ്ക്കുന്നു.

ദുഷ്പ്രവർത്തികൾ ചെയ്യുന്നവരുടെ സമീപത്തുകൂടി കടന്നുപോകുമ്പോൾ അവർക്ക് സലാം ചൊല്ലുക അവരുടെ വെറുപ്പും വിദ്വേഷവും അകലുന്നതാണ്. ഇൻഷാ അല്ലാഹ്.

Translated & Issued By
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala
*Ph: 9447001832 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*